# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:01.10.2025**

## പ്രധാനവാർത്തകൾ

1. സമൂഹത്തിലെ എല്ലാ മേഖലകളിലും മാതൃകാപരമായ സന്നദ്ധ സേവനങ്ങൾ കാഴ്ചവെക്കാൻ ആർഎസ്എസ്സിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.
2. റിസർവ് ബാങ്കിന്റെ പണനയം പ്രഖ്യാപിച്ചു. പലിശ നിരക്കുകളിൽ തുടർച്ചയായ രണ്ടാം തവണയും മാറ്റമില്ല.
3. സംസ്ഥാനത്ത് വിപുലമായ മഹാനവമി ആഘോഷങ്ങൾ; വിജയദശമിയോടനുബന്ധിച്ച് വിദ്യാരംഭ ചടങ്ങുകൾക്കുള്ള തയ്യാറെടുപ്പുകൾ അവസാനഘട്ടത്തിൽ.
4. വയോജനങ്ങളുടെ ക്ഷേമവും അവകാശങ്ങളും എന്ന പ്രമേയവുമായി ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. തിരുവനന്തപുരത്ത് വയോജന സൗഹൃദ സാംസ്കാരിക ഇടനാഴിയും വയോജന സഹായ കേന്ദ്രവും ആരംഭിക്കും.
5. മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം വകുപ്പ് നടത്തുന്ന തീവ്രയജ്ഞ പരിപാടിയുടെ രണ്ടാം ഘട്ടത്തിന് ഇന്ന് തുടക്കം.
6. ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലന്റിനെ നേരിടും.

RNUTVPM

## പ്രധാനമന്ത്രി - ആർ എസ് എസ് ശതാബ്ദി

സമൂഹത്തിലെ എല്ലാ മേഖലകളിലും മാതൃകാപരമായ സന്നദ്ധ സേവന പ്രവർത്തനങ്ങൾ കാഴ്ചവെക്കാൻ ആർഎസ്എസ്സിന് സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ, ആർഎസ്എസിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ആർ എസ് എസ് ശതാബ്തി സ്മാരക തപാൽ സ്റ്റാമ്പും നാണയവും പ്രധാനമന്ത്രി പുറത്തിറക്കി.

****************************

## ആർബിഐ - ധനനയം

രാജ്യത്തെ പലിശ നിരക്കുകളിൽ മാറ്റം വരുത്താതെ, പണനയം പ്രഖ്യാപിച്ച് റിസർവ് ബാങ്ക്. തുടർച്ചയായ രണ്ടാം തവണയും റിപ്പോ നിരക്ക് 5.5 ശതമാനമായി നിലനിർത്തുമെന്നും ആർബിഐ ഗവർണർ സഞ്ജയ് മൽഹോത്ര അറിയിച്ചു. റിപ്പോ നിരക്ക് മാറ്റമില്ലാതെ നിലനിർത്താൻ ധനനയ സമിതി ഒറ്റക്കെട്ടായി വോട്ട് ചെയ്തതായും അദ്ദേഹം പറഞ്ഞു.

PNU TVPM

****************************

## നവരാത്രി

നവരാത്രിയോടനുബന്ധിച്ച് രാജ്യത്ത് വിപുലമായ ആഘോഷങ്ങൾ. ഇന്ന് മഹാനവമി. ക്ഷേത്രങ്ങളിലും വീടുകളിലും ഇന്നലെ പൂജവെച്ചു. കേരളത്തിലെ പ്രധാന ക്ഷേത്രങ്ങളായ കോട്ടയം പനച്ചികാട് സരസ്വതി ക്ഷേത്രം, ചോറ്റാനിക്കര, ആറ്റുകാൽ, സരസ്വതി മണ്ഡപം എന്നിവിടങ്ങളിലും വൻ ഭക്തജന തിരക്കാണ് അനുഭപ്പെടുന്നത്. വിജയദശമി ദിനമായ നാളെ പൂജയെടുപ്പിന് ശേഷം വിദ്യാരംഭ ചടങ്ങുകൾ നടക്കും. കർണാടകയിലെ കൊല്ലൂർ മൂകാംബിക ക്ഷേത്രത്തിൽ

നവരാത്രിയോടനുബന്ധിച്ച് ഇന്നാണ് രഥോത്സവം. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ദുർഗ്ഗാ പൂജയോടനുബന്ധിച്ച് ഇന്ന് കന്യാ പൂജ നടക്കും. രാജ്യത്തെ ജനങ്ങൾക്ക് പ്രധാനമന്ത്രി മഹാനവമി ആശംസകൾ നേർന്നു.

***************************

## നവരാത്രി- ഇടുക്കി ( ഇൻട്രോ )

നവരാത്രി ആഘോഷത്തിമിർപ്പിൽ തമിഴകം. ഇടുക്കി ജില്ലാതിർത്തിയിലെ കമ്പം, തേനിയുൾപ്പടെയുള്ള പ്രദേശങ്ങളിലെ സരസ്വതി ക്ഷേത്രങ്ങളിൽ ഭക്തർ പ്രത്യേക പൂജകളും വഴിപാടുകളും നടത്തുകയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ...**

**(വോയിസ്)**

RNU TVPM

***************************

## വനം വകുപ്പ് - തീവ്ര യജ്ഞ പരിപാടി

മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായി വനം വകുപ്പ് 210 സംഘർഷ ബാധിത പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് നടത്തിവന്ന തീവ്രയജ്ഞ പരിപാടിയുടെ ഒന്നാം ഘട്ടം അവസാനിച്ചു. ഇന്ന് മുതൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ ആരംഭിക്കും. സെപ്റ്റംബർ 16നാണ് ഒന്നാം ഘട്ടം ആരംഭിച്ചത്. തീവ്രയജ്ഞ പരിപാടിക്ക് മികച്ച പ്രതികരണമാണ് ലഭിച്ചതെന്ന് വനം മന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു.

***************************

## ലോകവയോജന ദിനം (ഇൻട്രോ)

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. പ്രാദേശികവും ആഗോളവുമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വയോജനങ്ങൾ: നമ്മുടെ അഭിലാഷങ്ങൾ, നമ്മുടെ ക്ഷേമം, നമ്മുടെ അവകാശങ്ങൾ എന്നതാണ് ഈ വർഷത്തെ പ്രമേയം. ദിനാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം നഗരസഭ, മാനവീയം വീഥിയിൽ വയോജന സൗഹൃദ സാംസ്ക്കാരിക ഇടനാഴിയും നായനാർ പാർക്കിൽ വയോജന സഹായ കേന്ദ്രവും ആരംഭിക്കും. കേരളത്തിലെ വയോജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പു വരുത്തുന്നതിനുമായുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് സംസ്ഥാന വയോജന കമ്മീഷന്റെ ലക്ഷ്യമെന്ന് കമ്മീഷൻ ചെയർപേഴ്സൺ കെ സോമപ്രസാദ് ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

***************************

## മുഖ്യമന്ത്രി - സഹകരണ സ്പിന്നിങ് മിൽ

RNU TVPM

കണ്ണൂർ ചൊവ്വയിലെ നവീകരിച്ച സഹകരണ സ്പിന്നിങ് മില്ലിന്റെ ഉദ്ഘാടനം ഇന്ന് വൈകുന്നേരം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. 40 വർഷത്തിലേറെ പഴക്കമുള്ള ഉപകരണങ്ങളാണ് മാറ്റിയത്. 100-ഓളം സ്ത്രീകളടക്കം 225 സ്ഥിരം ജീവനക്കാരാണ് സ്പിന്നിംഗ് മില്ലിൽ ജോലി ചെയ്യുന്നത്.

***************************

## ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ 6.0

ഫിറ്റ് ഇന്ത്യാ മൂവ്മെന്റിന്റെ ഭാഗമായി ഗാന്ധിജയന്തി ദിനമായ നാളെ തിരുവനന്തപുരത്ത് ഫിറ്റ് ഇന്ത്യ ഫ്രീഡം റൺ 6.0, സംഘടിപ്പിക്കുന്നു. ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ

പരിപാടി ഫ്ലാഗ് ഓഫ് ചെയ്യും. കവടിയാർ സ്ക്വയറിൽ നിന്ന് രാവിലെ 6:30 ന് ആരംഭിക്കുന്ന ഫ്രീഡം റൺ സെൻട്രൽ സ്റ്റേഡിയത്തിൽ സമാപിക്കും.

**************************

## വ്യാപാര സാമ്പത്തിക സഹകരണ കരാർ

ഇന്ത്യയും യൂറോപ്യൻ സ്വതന്ത്ര വ്യാപാര സംഘടനയും തമ്മിലുള്ള വ്യാപാര സാമ്പത്തിക സഹകരണ കരാർ ഇന്നുമുതൽ പ്രാബല്യത്തിൽ. കഴിഞ്ഞ വർഷമാണ് കരാർ ഒപ്പുവച്ചത്. ഇന്ത്യയുടെ കയറ്റുമതി, നിക്ഷേപം എന്നിവ വർധിപ്പിക്കാൻ കരാർ സഹായകമാകുമെന്നാണ് വിലയിരുത്തൽ.

PNUTVPM

**************************

## കൊല്ലം - മാലിന്യസംസ്കരണം (ഇൻട്രോ)

മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്തില്ലെങ്കിൽ അത് സമൂഹത്തിന് ദോഷകരമാകും. ശാസ്ത്രീയ മാലിന്യ സംസ്കരണവും, പരിസര ശുചിത്വവും ജീവിതത്തിന്റെ ഭാഗമാക്കിയാൽ ആരോഗ്യകരമായ ജീവിതാന്തരീക്ഷം ഉറപ്പാക്കാം.

**ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി നീരജ് ലാൽ തയ്യാറാക്കിയ റിപ്പോർട്ട്...**

(വോയിസ്)

**************************

**ജിഎസ്ടി**

പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ എല്ലാ ജനവിഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനകരമാണ്. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായുള്ള സ്റ്റേഷണറി ഇനങ്ങളുടെ GST നിരക്കുകൾ കുറച്ചത് വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും വളരെ സഹായകമായ തീരുമാനമാണ്. നോട്ട്ബുക്കുകൾ, ഗ്രാഫ് ബുക്കുകൾ, പെൻസിലുകൾ ഉൾപ്പെടെയുള്ള സാധനങ്ങളെ 12 ശതമാനം സ്ലാബിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

***************************

## സേവാ പർവ്വ് (ഇൻട്രോ)

പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കിയ കേന്ദ്ര സർക്കാർ രാജ്യത്ത് പരിവർത്തനം കൊണ്ടുവരാൻ അക്ഷീണം പ്രവർത്തിച്ചുവരികയാണ്. ഇന്ത്യയുടെ ആഗോള നേതൃത്വത്തെ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കു വഹിച്ച ജി20 ഉച്ചകോടിയുടെ വിജയത്തെക്കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവ പർവ്വിൽ ഇന്ന്.

*(വോയിസ്)*

*(മ്യൂസിക്)*

*ഇന്ത്യയുടെ അധ്യക്ഷതയിൽ നടന്ന ഉച്ചകോടിയിൽ എല്ലാ ചെറിയ രാഷ്ട്രങ്ങൾക്കും അവരുടെ കൂട്ടായ താൽപര്യത്തെ പ്രതിനിധീകരിക്കുന്നതിന് ഒരു വലിയ വേദി ലഭിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.*

*(പിഎം ഹോൾഡ് വോയിസ്)*

*(മ്യൂസിക്)*

***************************

RNU TVPM

## അമീബിക് മസ്തിഷ്ക ജ്വരം

അമീബിക് മസ്തിഷ്ക ജ്വരം ലക്ഷണങ്ങളോടെ കോഴിക്കോട് മെഡിക്കൽ കോളെജ് ആശുപത്രിയിൽ നിലവിൽ എഴ് പേരാണ് ചികിൽസയിൽ കഴിയുന്നത്. രോഗബാധിതരുടെ പ്രദേശങ്ങളിലെ ജലസ്രോതസുകളിൽ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലോറിനേഷൻ നടന്നു വരുന്നതായി അധികൃതർ പറഞ്ഞു.

***************************

## വനിതാ ലോകകപ്പ് ക്രിക്കറ്റ്

ഐസിസി വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ഇന്ന് ഓസ്ട്രേലിയ ന്യൂസിലന്റിനെ നേരിടും. ഇൻഡോർ ഹോൾക്കർ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം മൂന്ന് മണിക്കാണ് മത്സരം. ഇന്നലെ നടന്ന മത്സരത്തിൽ ശ്രീലങ്കയെ 59 റൺസിന് ഇന്ത്യ പരാജയപ്പെടുത്തി.

RNU TVPM

***************************

## ഓഹരി - സ്വർണ്ണം

സർവ്വകാല റെക്കോഡിൽ സ്വർണ്ണ വില. പവന് 880 രൂപ ഉയർന്ന് 87,000 രൂപയും ഗ്രാമിന് 110 രൂപ വർദ്ധിച്ച് 10,875 രൂപയുമാണ് ഇന്നത്തെ വില. രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 596 പോയിന്റ് ഉയർന്ന് 80,856 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 167 പോയിന്റ് നേട്ടത്തിൽ 24,778 ലും വ്യാപാരം തുടരുന്നു.

***************************

## ഇടുക്കി - മാലിന്യ ടാങ്ക് അപകടം

ഇടുക്കി കട്ടപ്പനയിൽ മാലിന്യ ടാങ്ക് വൃത്തിയാക്കുന്നതിനിടെ മൂന്ന് തൊഴിലാളികൾ മരിച്ചു. തമിഴ്നാട് കമ്പം സ്വദേശി ജയറാം, ഗൂഡല്ലൂർ സ്വദേശി സെൽവം എന്നിവരും സുഹൃത്തുമാണ് മരിച്ചത്. ഇടുക്കി മെഡിക്കൽ കോളേജിൽ പോസ്മോർട്ടം നടപടികൾ പുരോഗമിക്കുകയാണ്. ടാങ്കിനുള്ളിലെ ഓക്സിജന്റെ അഭാവമാണ് അപകടത്തിന് ഇടയാക്കിയതെന്നാണ് സൂചന.

***************************

**കോടതികളിൽ AI സംവിധനം**

സംസ്ഥാനത്തെ എല്ലാ വിചാരണ കോടതികളും, സാക്ഷി മൊഴികളും തെളിവുകളും രേഖപ്പെടുത്തുന്നതിന് നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന 'അദാലത്ത്.എ.ഐ സ്പീച്ച്-ടു-ടെക്സ്റ്റ് ട്രാൻസ്ക്രിപ്ഷൻ' സംവിധാനം ഉപയോഗിക്കണമെന്ന് കേരള ഹൈക്കോടതി. അടുത്ത മാസം ഒന്നു മുതൽ സംവിധാനം നിലവിൽ വരും.

RNUTVPM